## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം.1145

12/6/2014 ൽ
മറുപടിയ്ക്ക്

### വൈത്തിരി താലൂക്കിലെ കർഷകർക്ക് കൈവശാവകാശരേഖ

ചോദ്യം
ശ്രീ.എം.വി.ശ്രേയാംസ് കുമാർ

മറുപടി
ശ്രീ.അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | കൽപ്പറ്റ മണ്ഡലത്തിലെ വൈത്തിരി താലൂക്കിൽപ്പെട്ട കർഷകരുടെ കൈവശാവകാശ രേഖകൾ ലഭിക്കാത്തതു സംബന്ധിച്ച് 19.6.2013 ന് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയുണ്ടായോ; | എ) | യോഗം ചേരുകയുണ്ടായി. |
| ബി) | പ്രസ്തുത യോഗ തീരുമാനങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കാമോ: | ബി) | 1) സംയുക്ത പരിശോധന സംബന്ധിച്ച 10.8.12 ൽ ചേർന്ന യോഗത്തിന്റെ നടപടി കുറിപ്പ് പിൻവലിക്കുക.<br>2) 556 ഹെക്ടർ വനഭൂമി ഉണ്ടായിരുന്നിടത്ത് റീ സർവ്വേ കഴിഞ്ഞപ്പോൾ 756 ഹെക്ടർ വനഭൂമിയായി റവന്യൂ രേഖകളിൽ വന്ന തെറ്റ് വീണ്ടും സർവ്വെ നടത്തി അധികം വന്ന ഭൂമി റവന്യൂ ഭൂമിയാക്കി മാറ്റുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിയ്ക്കാൻ അഡീഷണൽ തഹസിൽദാരെ ചുമതലപ്പെടുത്തുക.<br>3) 1977 ന് മുമ്പ് കൈയ്യേറിയ ഭൂമിയുടെ സംയുക്ത പരിശോധന കഴിഞ്ഞ പ്രദേശങ്ങളിലെ അർഹരായ കൈവശക്കാർക്ക് പട്ടയം നൽകുക.<br>4) 2000 ന് ശേഷം കരം സ്വീകരിക്കാത്ത കൈവശക്കാരിൽ നിന്നും കരം സ്വീകരിയ്ക്കാൻ തഹസിൽദാർമാർക്ക് നിർദ്ദേശം നൽകാൻ ഡെപ്യൂട്ടി കളക്ടർ (എൽ.എ) യോട് നിർദ്ദേശിക്കുക.<br>5) സംയുക്ത പരിശോധന ആരംഭിക്കാത്ത വില്ലേജുകളിൽ ആയത് ആരംഭിക്കുക എന്നിവ; |

| | | | |
|---|---|---|---|
| സി) | യോഗ തീരുമാനങ്ങളിൽ ഏതെല്ലാം തീരുമാനങ്ങൾ നടപ്പാക്കാനായിയെന്നു വ്യക്തമാക്കുമോ; | സി) | 1) 10.8.12 ൽ ചേർന്ന യോഗത്തിന്റെ നടപടി കുറിപ്പ് പിൻവലിച്ചു.<br>2) വനഭൂമിയുടെ വിസ്തീർണ്ണത്തിൽ വന്ന വ്യത്യാസം കണ്ടുപിടിച്ച് തിരുത്തുന്നതിന് വൈത്തിരി അഡീഷണൽ തഹസിൽദാരെ ചുമതലപ്പെടുത്തുകയും, മുൻസർവ്വെ റിക്കാർഡുകൾ പരിശോധിച്ച് തിരുത്തുന്നതിനുള്ള നടപടികൾ നടന്നു വരികയും ചെയ്യുന്നു.<br>3) 1977 ന് മുമ്പ് കൈയ്യേറിയ ഭൂമിയുടെ സംയുക്ത പരിശോധന പൂർത്തീകരിച്ചിട്ടുണ്ട്. ജയ്ഹിന്ദ് കോളനിയിലെ 99 കൈവശക്കാരുടെയും കടച്ചിക്കുന്ന് കോളനിയിലെ 402 കൈവശക്കാരുടെയും നീലിമല ഭാഗത്തെ 55 കൈവശക്കാരുടെയും വെള്ളരിമല വില്ലേജിലെ 125 കൈവശക്കാരുടെയും കോട്ടപ്പടി വില്ലേജിലെ 320 കൈവശങ്ങളും റിക്കാർഡുകൾ തയ്യാറാക്കി ഒപ്പുവയ്ക്കുന്നതിന് ഫോറസ്റ്റ് റെയ്ഞ്ച് ഓഫീസർക്ക് കൈമാറിയിട്ടുണ്ട്.<br>4) 2000 ന് ശേഷം കരം സ്വീകരിക്കാത്ത അർഹരായ എല്ലാ കേസുകൾക്കും കരം സ്വീകരിക്കാൻ തഹസിൽദാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ഡി) | യോഗതീരുമാന പ്രകാരം സംയുക്ത പരിശോധന സംബന്ധിച്ച് 10.8.2012 ൽ ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ് പിൻവലിച്ച് ഉത്തരവായോ: വ്യക്തമാക്കുമോ? | ഡി) | 10.8.12 ലെ യോഗത്തിന്റെ നടപടി കുറിപ്പ് പിൻവലി ച്ച് ഉത്തരവാകുകയും ജോയിന്റ് വെരിഫിക്കേഷൻ പുനരാരംഭിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ